GHSS,EDNEER,KASARAGOD

# SRISHTI

DIGITAL MAGAZINE 2023-2024

# പ്രതീക്ഷയുടെ മൊട്ട് ലക്ഷ്യത്തിലേക്ക്
(കഥ)

എന്റെ ഈ കഥ ആരംഭിക്കുന്നത് പാടത്തിനടുത്തുള്ള എന്റെ കൊച്ചുവീട്ടിലാണ് എന്റെ അമ്മ ഒരു സാധാ വീട്ടമ്മയാണ് അച്ഛൻ ഒരു കർഷകനും അച്ഛനും അമ്മയ്ക്കും ഞാൻ ഒറ്റ മകനാണ് .അച്ഛൻ കൃഷി ചെയ്തുണ്ടാക്കിയ സാമ്പാത്യം കൊണ്ടാണ് ഞങ്ങൾ ജീവിച്ചത് വലിയ സുഖ സൗകര്യങ്ങൾ ഉള്ള ജീവിതമായിരുന്നില്ലെങ്കിൽ ഞങ്ങൾ ഒതുങ്ങിക്കൂടി ജീവിക്കാൻ പറ്റിയിരുന്നു .അച്ഛൻ അധ്വാനിക്കുന്നത് കണ്ട് എനിക്കും ഒരു കര്ഷകനാകണമെന്ന് തോന്നി അന്ന് മുതൽ അച്ഛനെ പാടത്ത് സഹായിച്ചു തുടങ്ങി .പെട്ടന്ന് അച്ഛന്റെ കൃഷി നശിക്കാൻ തുടങ്ങി ഞങ്ങൾക്ക് സാമ്പത്തികമായി വലിയ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു പ്രശ്നങ്ങൾ തിരുന്നത് വരെ അച്ഛൻ എന്നെ മുത്തശ്ശിയുടെ വീട്ടിലേക്ക അയച്ചു മുത്തശ്ശി കഴിയുന്നതുപോലെ ഒരു കുറവും ഇല്ലാതെ എന്നെ വളർത്തി . പത്തുവയസ്സു കഴിഞ്ഞപ്പോൾ ചെറുതായി പാട്ടുപാടാനും ഡാൻസ് ചെയ്യാനും പഠിച്ചു . ഞാൻ ഡാൻസ് കളിക്കുന്നത് കണ്ട് എന്നും മുത്തശ്ശി എനിക്ക് നല്ല ഭാവിയുണ്ടെന്നു പറഞ്ഞെന്നെ പ്രോത്സാഹിപ്പിക്കുമായിരുന്നു ഒരിക്കൽ എന്റെ ഒരു സുഹൃത്ത് ഒരു ബാൻഡിന്റെ നോട്ടീസ് എന്റെ മുത്തശ്ശിയെ ഏൽപ്പിച്ചു മുത്തശ്ശി എന്നോട് ഓഡിഷന് പോകാൻ പറഞ്ഞു . അന്ന് ഞാൻ മുത്തശ്ശിയോട് പറഞ്ഞത് ഇങ്ങനെയാണ് "എനിക്ക് ഒരിക്കലും സെലക്ഷൻ കിട്ടില്ല മുത്തശീ ,പിന്നെന്തിനാ പോയിട്ട് കാര്യം " അപ്പോൾ മുത്തശ്ശി ഇങ്ങനെ പറഞ്ഞു "നീ നിന്നെക്കൊണ്ട് കഴിയുന്നത്ര ശ്രമിക്കുക . എന്നിട്ടും നിനക്ക് സെലക്ഷൻ കിട്ടിയില്ലെങ്കിൽ നീ അത് കാര്യമാക്കേണ്ടതില്ല പക്ഷെ നിനക്ക് തീർച്ചയായും സെലക്ഷൻ കിട്ടുമെന്ന് നീ പ്രതീക്ഷിച്ചിരിക്കണം ആത്മാർഥമായി പ്രതിക്ഷയോട് പരിശീലിച്ചാൽ നിന്നെ കൊണ്ട് എന്തും പറ്റും മോനെ മുത്തശ്ശിയുടെ ഈ വാക്കാണ് പിന്നീട് എന്നെ മുന്നോട്ട് നയിച്ചത് പ്രതീക്ഷിച്ച പോലെത്തന്നെ ഞാൻ ഒഡീഷനിൽ പാസായി .നമ്മൾ പ്രതീക്ഷിക്കുകയും അതിനുവേണ്ടി കഴിവത്ര പരിശീലിക്കുകയും ചെയ്താൽ നാം തീർച്ചയായും ലക്ഷ്യത്തിലേക്കെത്തും എന്ന് നിങ്ങളെ ബോധ്യപ്പെടുത്തുന്നതിനാണ് ഞാൻ ഇത് എഴുതിയത്

ഫാത്തിമത്ത് അദീബ

ജി.എച്ച്.എസ്.ഇടനീർ

# മഴത്തുള്ളികൾ

(കവിത)

മഴ ഒരു വർണ്ണമാണ്,
മഴക്കാലത്ത് മഴ തുള്ളികൾ
വീഴുന്ന ശബ്ദം,
മഴ തുള്ളികൾവീഴുമ്പോൾ
കർഷകരുടെ മനസ്സിൽ സന്തോഷം ഉതിക്കുന്നു.

നീന്തികളിക്കും ചോണനുറമ്പുകൾക്കിടയിൽ
തളിർക്കും തുള്ളികൾ പോലെ;
താനെ മാഞ്ഞുപോകും ഉഷസോടെ,
മേഘങ്ങൾക്കിടയിൽ കുതിക്കും വർണ്ണം പോൽ.

മഴക്കാലത്ത് തുള്ളിയായി  വീഴും പോലെ തോന്നും,
പുലർമഞ്ഞുതുള്ളികൾ മഴ തുള്ളികളായി മാറുംപോലെ,
ശാഖകൾക്കിടയിൽ മഴ തുള്ളികൾ
കാറ്റിൽ ആടി വീഴുംപോലെ....

നീന്തികളിക്കും ചെറുമീനുകൾക്കിടയിലും
തുള്ളികളിക്കും മഴ തുള്ളിപോൽ;
മരത്തിൻ ശാഖകൾ പൊഴിയുമ്പോൾ,
മേഘങ്ങൾക്കിടയിലുള്ള മഴ തുള്ളികൾ വീഴുംപോലെ തോന്നും,

പൂന്തോട്ടങ്ങൾക്കിടയിലുള്ള വർണ്ണങ്ങളെ
പോലെയാണ്  മഴ തുള്ളികൾ,
ശാഖകൾക്കിടയിൽ വീഴും  മഴ തുള്ളികൾ,
പ്രകൃതിയുടെ സൗന്ദര്യമാണ് 'മഴ'

കാർമേഘം വരുമ്പോൾ മഴ പൊഴിയുന്നു,
മഴയുടെ ഭംഗി വളരെ പ്രശസ്തമാണ്.
മഞ്ഞുതുള്ളികൾ പോലെയാണ് 'മഴ'
'മഴ' പ്രകൃതി  സൗന്ദര്യമാണ്.

സ്നേഹ മോൾ.

ബി.എസ്

ജി.എച്ച്.എസ്.എസ്

ഇടനീർ

# മഴയായജീവിതം

(കഥ)

ചിതറിത്തെറിക്കുന്ന
മഴയായി തൻ ജീവിതം....
കാറ്റിലും മഴയിലും ഒഴുകിയെത്തി
പാറി പറക്കുന്ന പക്ഷിപോലെ
മതിലേക ചിരിതൂകും വാനത്തിൽ
മുറ്റത്ത് ഓടിയെത്തി എൻ ബാല്യകാലം
ബാല്യത്തിന് മുറ്റത്ത്  മഴ
തോർന്നുവെക്ിലും
നദികളെ .......പുഴകളും
ഒഴുകുന്ന പോലെ ഓർക്കുന്നു
ഞാൻ ആ മഴക്കാലം
എൻ കോച്ചു ബാല്യകാലം
നല്ല ഒരു കുടയും ചൂടി മഴയത്തൂ
ടെ നടന്നു  ഞാൻ ഇടി മൂടി
മഴപെയ്തു പ്രളയമായി
എൻ ജീവിതം. കൺ തുറക്കുബോ
ൾ  ഞാൻ വഞ്ചിയിലാണോ
അറിഞ്ഞു ഞാൻ  സത്യം
ഏകയൊന്ന്  ഈ മണ്ണിൽ
ഞാൻ ഇനി ഏകയൊന്ന്  ഈ
മണ്ണിൽ ഞാൻ ഇനി ഏകയൊന്ന്

അനഘ കൃഷണൻ
ജി.എച്ച്.എസ്.എസ് ഇടനീർ

# സ്നേഹനിധിയായ അച്ഛൻ

***-Anagha krishnan.M***

എന്റെ അച്ഛൻ സ്നേഹനിധിയായ
അച്ഛനാണ് .അടിക്കില്ല ,തല്ലില്ല വഴക്കു പറയില്ല .അത്രേക്കും
പാവമാണ് . എന്നെ അത്രയ്ക്കും ഇഷ്ടമാണ് .
ഒരിക്കൽ ഞാൻ തട്ടിൽ പുറത്തു കേറി ഒരു സാധനം
എടുക്കാനാണ് ഞാൻ കേറിയത് .പക്ഷെ കല്ല് തെറ്റി തട്ടിൽ
പുറത്തു ഉണ്ടായിരുന്ന ക്ലോക്ക് തറയിൽ വീണ് പൊട്ടി .അമ്മ
അത് കണ്ടു അച്ഛനോട് പറഞ്ഞു .പക്ഷെ അമ്മ ഈ കാര്യം
പറഞ്ഞില്ല . ഞാനാണ് തള്ളിയിട്ടത് എന്ന് പക്ഷെ അച്ഛൻ
കണ്ടിരുന്നു എന്റെ കാൽ തട്ടി തറയിൽ ക്ലോക്ക്
വീണത് .പക്ഷെ അച്ഛൻ അറിഞ്ഞ ഭാവം കാണിച്ചില്ല
എന്നോട് അച്ഛൻ അറിഞ്ഞഭാവം കണചില്ല .എന്നോട്
അച്ഛൻ ചോദിച്ചു എങ്ങനെ ഈ ക്ലോക്ക് പൊട്ടിയത് ?ഞാൻ
നേരെ പറഞ്ഞു എന്റെ കാൽ തട്ടി പക്ഷെ അച്ഛൻ തല്ലിയില്ല
ഞാൻ ചോദിച്ചു എന്താ അച്ഛാ തല്ലാതെ ?അപ്പോൾ അച്ഛൻ
പറഞ്ഞു നേരെ പറഞ്ഞാൽ തല്ലില്ല .

എനിക്ക് ഇവിടെ ഒരു കാര്യം
മനസ്സിലായി നേരുപറഞ്ഞാൽ തല്ലില്ല അച്ഛൻ നമ്മുക്ക്
വേണ്ടി റപ്പാക്കാല്ലോളേം കഷ്ടപ്പെട്ടു .അച്ഛൻ സ്നേഹം
പ്രകടിപ്പിക്കാറില്ല "അച്ഛന്റെ സ്നേഹം അമൂല്യമാണ് ".

# പ്രതീക്ഷയിൽ വിജയിച്ച കുട്ടി

***-fathimath munavira***

ആ കൂരിരുട്ടിൽ അയാൾ എന്തോ ആഗ്രഹിച്ച നടക്കുകയാണ് .ഹൃദയം പൊട്ടിത്തെറിക്കാനായ രീതിയിൽ ഇടിക്കുകയാണ് .ഒരു പ്രതീക്ഷയുടെ തുമ്പിനാളെയാണ് അയാൾ നീങ്ങുന്നത് .... അച്ഛനും അമ്മയും കൂട്ടുകാരും കുടുംബക്കാരും തള്ളിപ്പറഞ്ഞപ്പോഴും ആ അജ്ഞാതനായ അയാളുടെ വാക്കുകേട്ട് അയാൾ മുന്നോട്ട് നീങ്ങുന്നു .ഏതു രീതിയിൽ എന്ന ചോദിച്ചാൽ പഠനത്തിൽ മോശപ്പെട്ട അവൻ പ്രതീക്ഷയുടെ പരിശ്രമത്താൽ മുന്നിലെത്തിയ കഥ.....

പഠനത്തിൽ അത്ര ബുദ്ധില്ലാത്ത റഹ്മാൻ തന്റെ പാട്ടിനോട് അതായത് പാട്ടുപാടാനുള്ള കഴിവോട് പ്രണയിച്ചു... എവിടെ പാട്ടുപാടുന്ന പരുവടിയുണ്ടോ അവിടെയെല്ലാം റഹ്മാൻ ഉണ്ടാകും .പക്ഷെ ഇതൊന്നും അവന്റെ മാതാപിതാക്കൾക്ക് ഇഷ്ടമല്ല .അവൻ കരയാത്ത ദിവസമുണ്ടാവില്ല .കാരണം മാതാവിന്റെയും പിതാവിന്റെയും പാടാനുള്ള കഴിവൊടുള്ള വെറുപ്പ് പിന്നീട് ശീലമായി...ഇപ്പോൾ 5ആം ക്ലാസ്സിലാണ് പഠിക്കുന്നത്. സ്കൂൾ കലോത്സവത്തിന് പാട്ടുമായി ബന്ധമുള്ള എല്ലാ പരുവടിക്കും അവൻ ചേർന്നു . 2–3 ത്തിന് വിജയിക്കുകയും ചെയ്തു .കലോത്സവം കഴിഞ്ഞു .ഇനി സബ് ജില്ലാ കലോത്സവമാണ് .അവനു മാപ്പിളപ്പാട്ടും അറബിപ്പാട്ടിനും സബ് ജില്ലയിൽ പോവാൻ അവസരം ലഭിച്ചു ഈ കാര്യത്തിൽ അവൻ സന്തോഷ്ടാനാണ് .പക്ഷെ സബ് ജില്ലയിൽ പോവാൻ അവനെ അവന്റെ മാതാപിതാക്കൾ സമ്മതിച്ചില്ല .പക്ഷെ അവൻ പ്രതീക്ഷ കൈവിട്ടില്ല . ഫുട്ബോൾ ക്ലബ് മത്സരമുണ്ടെന്ന് പറഞ്ഞു വീട്ടിൽ നിന്ന് മുങ്ങി.അങ്ങനെ അവൻ സബ്ജില്ലാ മത്സരത്തിൽ പങ്കെടുത്തു .സ്കൂൾ അസ്സെംബ്ലിയിൽ വെച്ചാണ് അവനറിയുന്നത് അവൻ സബ്ജില്ലയിൽ വെച്ച 1ആം സ്ഥാനം കരസ്ഥമാക്കി എന്നത് .അവനൊക്കെ സന്തോഷമായി ഒരു വലിയ ട്രോഫിയും സെര്ടിഫിക്കറ്റും അവൻ ലഭിച്ചു .പക്ഷെ അവൻ ഒരു കാര്യത്തിൽ

പരിഭാനായി തന്റെ മാതാപിതാക്കളെ ഓർത്തു ...പക്ഷെ തന്റെ മാതാപിതാക്കളോട് തുറന്നു പറഞ്ഞു . ആദ്യം മാതാവിനും പിതാവിനും ദോശയമുണ്ടായി എങ്കിലും ആ സമ്മാനങ്ങൾ കണ്ടവർക്ക് സന്തോഷമായി ... അന്നവർ അവന്റെ കഴിവിനെ വെറുത്തെങ്കിലും ഇപ്പോളവർ അവനോടൊപ്പമുണ്ട് ഇതിനൊക്കെ ധൈര്യം അവനു ലഭിച്ചത് തന്റെ അയൽവാസിയായ സുഹൃത്തിൽ നിന്നാണ് അവൻ ആത്മവിശ്വാസം നൽകിയതും പ്രതീക്ഷ നിറച്ചതും .അയൽവാസി സുഹൃത്തായ ശിഫഖ് ൽ നിന്നും ആണ് .ഒരു രീതിയിൽ പറഞ്ഞാൽ ശിഫഖ് ആണ് റഹ്മാന്റെ കഴിവിനെ റഹ്മാന്റെ മാതാപിതാക്കൾക്ക് കാണിച്ചുകൊടുത്തതും

ഇതാണ് പറയുന്നത് പ്രതീക്ഷയും പരിശ്രമത്താലും നമ്മുക്ക് ജീവിതത്തിൽ തുടരാം .റഹ്മാൻ ഇപ്പോൾ ലോകം കണ്ട ഒരു വലിയ പാട്ടുകാരനാണ് ....ഇതിനെല്ലാം കാരണം ഷെഫ്ഖും ജീവിതത്തിൽ വേണ്ട കുറയെ കാര്യങ്ങളിൽ രണ്ടെണ്ണമെന്ന് പ്രതീക്ഷയും പരിശ്രമവും ..........

# ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ

-shameem ahamed

"കത്തിജ്വാലിക്കുന്ന തിന്മകൾ ,കുന കുബാരമായി അഴുമതി ,ജാതിമതം ,വിദ്യാഭ്യാസം ,നിയമങ്ങളെടുക്കാതെ അക്രമങ്ങൾ ഏതൊക്കെകൊണ്ട് ഇന്ത്യ എന്ന ജനാധിപത്യരാജ്യം നശിക്കുകയാണ് "19–ാം നൂറ്റാണ്ടിന്റെയും 20–ാം നൂറ്റാണ്ടിന്റെയും മധ്യത്തിൽ ആയിരക്കണക്കിന് സ്വാന്ത്രതസമര സേനാനികൾ ചോരനീരാക്കി സമരം ചെയ്ത് നേടിയെടുത്തതാണ് ഈ ഇന്ത്യ സ്വാന്ത്രം . അന്ന് അഹിംസയും നന്മയും ഉണ്ടായിരുന്ന നമ്മുടെ ഇന്ത്യ അഴിമതിയും അക്രമവും വര്ഗിയതയും കൊണ്ട് ഇന്ത്യ ഇന്ന് തളരുകയാണ് . 1947 വരെ വിദേശിക്കൾ നശിപ്പിച്ച നമ്മുടെ ഇന്ത്യയെ ഇന്ന് നമ്മൾ തന്നെ നശിപ്പിക്കുകയാണ് . എത്തിനിടയിക്ക് മണിപ്പൂരിന്റെ മണ്ണിനെ കാലാവകലുശിതമാക്കി ,തെരുവുകൾ കത്തിച്ചാമ്പലായി 100 കണക്കിന് ആളുകൾ പലായനം ചെയ്യപ്പെട്ടു .വള്ളത്തോൾ നാരായണമേനോൻ പറയുന്നു "ഇന്ത്യ എന്ന കേൾക്കുമ്പോൾ അഭിമാനിക്കണം ,കേരളം എന്ന കേട്ടാൽ തിളയ്ക്കണം ചോര " ഇന്ത്യൻവർഗീയഫെസ്റ്റിസ്റ്റ് ശക്തിയാണ് ഇതിനൊക്കെകരണം . ഒരാളുടെ നിറംനോക്കിയിട്ടും വിദ്യാഭ്യാസം നോക്കിയും വേഷം നോക്കിയുമല്ല ഒരാളോട് പെരുമാറേണ്ടത് . പണ്ടത്തെപോലെയല്ലഇന്ന് എന്ന് ദിവസവും അക്രമവും അപകടവും വര്ഗിയതയുമാണ് .കേരളത്തിൽ ആലുവ എന്ന സ്ഥലത് 'ചാന്ദിനി'എന്ന കുട്ടിയെ മയക്കിയെടുത്ത ഒരു ദിവസം ആ കുട്ടിയെ കുട്ടികൊണ്ട് പോയി എന്നിട്ട് ആ കുട്ടിയെ പിടിപ്പിച്ച നന്നായി ആക്രമിച്ച ആ കുട്ടിയെ മനുഷ്യമൃഗൾ കൊന്നുതള്ളി . എത്ര പണംമുണ്ടായാലും തന്റെ പോക്കറ്റില്ലക്ക് വീണ്ടും വീണ്ടും

പണംമുണ്ടാക്കാനാണ് നോക്കുന്നതും അതും അഴുമതി ചെയ്തിട്ട് .എന്തൊരുഅവസ്ഥയാണ് കാലഘട്ടം ? കത്തിജ്വാലിക്കുന്ന തിന്മകളിൽ കുന കുബാരമായിനടക്കുന്ന ആയുമധിയിൽ അതിനെതിരായി നമ്മൾ പോരാടനം അല്ലാതെ നമ്മൾക്കൊന്നും പറ്റില്ല .2019ലാണ് കേന്ദ്രം പൗരത്യനിയമഭേദഗതി പാസാക്കിയത് എന്നാൽ ആ നിയമം പാസ്സായില്ല .ഒരു ഡോക്ടർ ഗവണ്മെന്റ് ഉദ്യോഗസ്ഥനാണ് അദ്ദേഹത്തിന് മാസാമാസം ഒരു 2 ലക്ഷം രൂപയോളം ലഭിക്കും .എന്നാൽ അദ്ദേഹം അതും പോരാഞ്ഞിട്ട് വിട്ടില്ലെരുന്നിട്ട് വീണ്ടും പണം സമ്പാദിച്ചു .അതിന്റെ പേരിൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്തു . അക്രമവും അഴിമതിയും വർഗീയതയും
ഈ രാഷ്ട്രത്ത നിന്നും പോകട്ടെ എന്നു പ്രേതിഷിക്കുന്നു.......